**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആറ്റുകാൽ പൊങ്കാല മഹോത്സവം 2017 – വിവിധ വകുപ്പുകൾ നിർവ്വഹിക്കുന്ന പ്രവൃത്തികൾ - ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 466/2017/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 18/02/2017**

---

പരാമർശം:- 1) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07.02.2017, 16.02.2017 എന്നീ തീയതികളിലെ എസ്.9-104540/2016 നമ്പർ കത്ത്

2) 16/02/2017 ലെ സ.ഉ.(സാധാ)നം.1261/2017/ധന നമ്പർ ഉത്തരവ്

3) 17/02/2017 ലെ സ.ഉ.(സാധാ)നം.455/2017/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

**ഉത്തരവ്**

1. 2017 വർഷത്തെ ആറ്റുകാൽ പൊങ്കാല മഹോൽസവത്തോടനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകൾ നിർവ്വഹിക്കുന്ന പ്രവൃത്തികൾക്കായി ₹2,76,05,794/- രൂപയുടെ എസ്റ്റിമേറ്റ് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശ കത്ത് മുഖേന സമർപ്പിക്കുകയുണ്ടായി. പ്രസ്തുത തുകയിൽ പരാമർശം 3 ഉത്തരവ് പ്രകാരം ₹83,65,000/- രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആറ്റുകാൽ പൊങ്കാല മഹോൽസവവുമായി ബന്ധപ്പെട്ട ബാക്കി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് താഴെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം ₹1,92,40,794/- (ഒരു കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി നാൽപ്പതിനായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റിനാല് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയും ഇതിനാവശ്യമായ തുക 2217-01-800-95(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | അടങ്കൽ തുക |
|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി പി.എച്ച്. ഡിവിഷൻ | 22,00,000 |
| 2 | തിരുവനന്തപുരം നഗരസഭ | 1,54,70,794 |
| 3 | പി. ഡബ്ലിയു.ഡി. റോഡ്സ് ഡിവിഷൻ | 15,70,000 |
| | **ആകെ** | **1,92,40,794/-** |

3. പ്രവൃത്തികളുടെ തുക വിതരണം, ധനവിനിയോഗ സർട്ടിഫിക്കറ്റ്, ചെലവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ്, ബാക്കി വന്ന തുക എന്നിവ സർക്കാരിൽ യഥാസമയം സമർപ്പിക്കുന്നതിനും ഈ സാമ്പത്തിക വർഷം തന്നെ ടി തുക ധനവിനിയോഗം വഴി ക്രമപ്പെടുത്തുന്നതിനും തിരുവനന്തപുരം ജില്ലാ കളക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**കെ എസ് ബിന്ദു**

**ഗവ. അണ്ടർ സെക്രട്ടറി**

ജില്ലാ കളക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനകുന്ന്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (vide UoR.Dev.2/104/2014/Fin dated 17.02.2017)

റവന്യൂ (ദേവസ്വം) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**